# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 318 — 13.07.2015-ൽ മറുപടിയ്ക്ക്

## അപകടരഹിത സംസ്ഥാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.മുരളീധരൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ അപകടരഹിത സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;<br><br>(ബി) ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് രൂപീകരിച്ചിട്ടുള്ളത്; | (എ) & (ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, അപകടരഹിത സംസ്ഥാനമാക്കുന്നതിനുമായി കേരളാ പോലീസ് നിരവധി മാർഗ്ഗ നിർദ്ദേശങ്ങളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡുഗതാഗത നിയമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി കേരള പോലീസിന്റെ ആഭിമുഖ്യത്തിൽ "ശുഭയാത്രാ 2015" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ റോഡപകടങ്ങളുമായി ബന്ധപ്പെട്ട് പ്രഥമ ശുശ്രൂഷ നൽകുന്നതിന് പോലീസുകാർക്ക് ഫസ്റ്റ് എയ്ഡ്, ട്രോമാ കെയർ തുടങ്ങിയവയെക്കുറിച്ച് പ്രാഥമിക പരിശീലനം നൽകുന്നതിനായി "സ്മൈൽ പദ്ധതി " ആരോഗ്യവകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) ഏതെല്ലാം വകുപ്പുകളുടെ സഹായമാണ് ഇതിനുവേണ്ടി ഉപയോഗിക്കുന്നത്; | (സി) ട്രാഫിക്ക് നിയന്ത്രണങ്ങൾക്കും, അപകടങ്ങൾ കുറയ്ക്കുന്നതിനുമായി കേരള റോഡ് സേഫ്റ്റി അതോറിറ്റി, തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹന വകുപ്പ് , ആരോഗ്യ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ സഹകരണവും, സഹായവും ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്? | (ഡി) | പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുക, സൈൻ ബോർഡുകൾ സ്ഥാപിക്കുക എന്നിവയും, പൊതു വിദ്യാഭ്യാസ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയുമായി ചേർന്ന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും, ആരോഗ്യ വകുപ്പുമായി ചേർന്ന് അപകടത്തിൽപെടുന്നവരെ പ്രഥമ ശുശ്രൂഷ നൽകി എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ